അദ്ധ്യക്ഷൻ ഒരു പ്രസംഗമദ്ധ്യേ പറഞ്ഞതായി പത്രത്തിൽ റിപ്പോർട്ട് ചെയ്തിരുന്നതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കടിൽവ്യവസായകമ്മിറ്റി അദ്ധ്യക്ഷന്റെ അഭിപ്രായത്തോടു ഗവൺമെണ്ടു് യോജിക്കുന്നുണ്ടോ?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്):

(എ) ഇല്ല.

(ബി) എയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

SCARCITY OF FUEL

*715. [73] **Sri. A. K. George:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) has not the Government got complaints about the scarcity of fuel in the important towns in Cochin area;

(*b*) is so, what are the steps taken to remedy it; and

(*c*) has the Government got an idea to revive the fuel division again in Cochin area ?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) Yes.

(*b*) The matter is under consideration.

(*c*) No.

മദ്ധ്യഭാരത് ഗവൺമെണ്ടിൽനിന്നുള്ള അരി

* ൭൨൩. (൬൪) ശ്രീ. എ. കെ ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) "മദ്ധ്യഭാരത്" ഗവൺമെണ്ടിൽനിന്നും തിരുവിതാംകൂർ-കൊച്ചിക്കു ക്ഷേമധാന്യങ്ങൾ വന്നുചേർന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രായിരം ടൺ ഉണ്ടെന്നു പറയുമോ;

(സി) ഈ ധാന്യങ്ങൾ ഇങ്ങോട്ടു ഇറക്കുമതി ചെയ്യുന്നതിനു ചുങ്കം കൊടുക്കേണ്ടിവരുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്. വന്നുതിക്കഴിഞ്ഞു.

(ബി) ൧,൫൦൦ ടൺ. (1,000 tons rice, 500 tons wheat and 2,000 tons Jowar).

(സി) ഇല്ല.

പാഠപുസ്തകങ്ങൾ

* ൭൨൭. (൬൬) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

ഈ വിദ്യാഭ്യാസ വർഷത്തിന്റെ ആരംഭത്തിൽ വിദ്യാർത്ഥികൾക്കു പാഠപുസ്തകങ്ങൾ കിട്ടുവാൻ പ്രയാസം നേരിട്ടതായി ഗവൺമെണ്ടിനറിയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly